# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.101 — 11.06.2019-ൽ മറുപടിക്ക്

### മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് അനുദിനം കുറഞ്ഞുവരുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ അറിയിക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് മത്സ്യസമ്പത്ത് കുറഞ്ഞു വരുന്ന സ്ഥിതിയാണുണ്ടായിരുന്നത്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നു കയറ്റം, ജലമലിനീകരണം, കണ്ടൽകാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം, പ്രളയം തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിനുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കുറവല്ല, വർദ്ധനവാണ് മത്സ്യസമ്പത്തിന്റെയളവിൽ കാണിക്കുന്നത്. മത്സ്യവിഭവ സംരക്ഷണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സർക്കാർ സ്വീകരിച്ച വിവിധ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ മത്സ്യോല്പാദനം 2016-17 വർഷത്തെ 6.76 ലക്ഷം മെട്രിക് ടൺ എന്നതിൽ നിന്നും 2018-19 ആയപ്പോൾ 8.05 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | ഇതരസംസ്ഥാന ബോട്ടുകൾ വൻതോതിൽ ചെറുമത്സ്യങ്ങളെ പിടികൂടുന്നതുമൂലം മത്സ്യത്തിന്റെ മൊത്തലഭ്യത, ഉല്പാദനം, പ്രജനനം എന്നിവ പൂർണ്ണമായും താളം തെറ്റുന്നതായുള്ള സി. എം. എഫ്. ആർ. ഐ. യുടെ പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. CMFRI പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (KMFR Act)1980 കാലോചിതമായി പരിഷ്കരിക്കുകയും എല്ലാവിധ അശാസ്ത്രീയ മത്സ്യബന്ധന രീതികളും തടയാൻ കർശന നടപടി സ്വീകരിക്കുകയും ചെയ്തു. 58 മത്സ്യങ്ങളുടെ പിടിക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിക്കുകയും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികളും സ്വീകരിച്ചു. പിഴസംഖ്യ 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇതര സംസ്ഥാനങ്ങളിലും സമാനമായ ശക്തമായ നിയമ നടപടികൾ |

| | | | |
|---|---|---|---|
| | | | ആവശ്യമാണെന്ന് കണ്ട്, 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ യിൽ വച്ച് സംസ്ഥാനം മുൻകൈ എടുത്ത് വിളിച്ചു കൂട്ടിയ ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാംതന്നെ സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതിന് എം.എൽ.എസ് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന്, കേന്ദ്ര സർക്കാർ എല്ലാ ഇതര സംസ്ഥാന സർക്കാരുകളോടും കേരളത്തിന്റെ മാതൃകയിൽ നിയമ നിർമ്മാണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| (സി) | ഇതരസംസ്ഥാന ബോട്ടുകൾ നിരോധിക്കപ്പെട്ട പെലാജിക് ട്രോളിംഗും പേഴ്സിയൻ പെലാജിക് ആൻഡ് മിഡ് വാട്ടർ ട്രോൾ നെറ്റുകളും ഉപയോഗിച്ച് കടലിന്റെ അടിത്തട്ടിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ വാരുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | 01/09/2018-ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നം. 18/2018/മ.തു.വ പ്രകാരം പുതുക്കിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും സംസ്ഥാനത്ത് പേഴ്സിൻ, പെലാജിക് ട്രോൾ , മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കേരള തീരക്കടലിൽ ഇത്തരം നിരോധിത മത്സ്യബന്ധനം നടക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ട്. 2018 നവംബർ 10,11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ യിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ കേരളം കെ.എം.എഫ്.ആർ ആക്ടിൽ വരുത്തിയ ഭേദഗതിയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങളും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമുള്ള ശ്രദ്ധേയമായ ചുവടുവെയ്പായി ഏകകണ്ഠമായി വിലയിരുത്തുകയും മറ്റ് സംസ്ഥാനങ്ങളിൽ ഇതിന്റെ ചുവടുപിടിച്ച് ഭേദഗതികൾ അത്യന്താപേക്ഷിതമാണെന്ന അഭിപ്രായത്തോട് അനുകൂലമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കടലിൽ നിന്നുള്ള മത്സ്യലഭ്യത കുറഞ്ഞതിനെത്തുടർന്ന് ബുദ്ധിമുട്ടനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മത്സ്യത്തിന്റെ വിലവർദ്ധനവ് തടയുന്നതിനും | (ഡി) | മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കി കെ.എം.എഫ്.ആർ ആക്ട് ഭേദഗതി ചെയ്യുകയും പുതിയ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്ത് അവ നടപ്പാക്കി വരുന്നു. കേരള തീരത്ത് സുലഭമായ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | | ഉത്തരവാകുകയും അത് നടപ്പാക്കി വരികയുമാണ്. തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാര് പദ്ധതി പൂന്തുറ, വലിയതുറ, ബീമാപള്ളി എന്നീ തീരങ്ങളിൽ നടപ്പാക്കുന്നതിന് നടപ്പു വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ തുമ്പ, വേളി എന്നിവിടങ്ങളിലെ തീരക്കടലിൽ കൃത്രിമപാര് നിക്ഷേപിക്കുകയും അത് വിജയകരമെന്ന് തെളിയുകയും ചെയ്തിട്ടുണ്ട്. പ്രധാന മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലഘട്ടത്തിൽ അതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി വരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500/- രൂപയായി വർദ്ധിപ്പിച്ച് 3 ഗഡുക്കളായി നൽകി വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി 1350/ രൂപയും വിതരണം ചെയ്തു വരുന്നു.<br><br>മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി ഇടനിലക്കാരെ ഒഴിവാക്കി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഫിഷ് മാർക്കറ്റിംഗ്, ഓക്ഷനിംഗ് & ക്വാളിറ്റി കൺട്രോൾ ബിൽ കരട് തയ്യാറാക്കിയിട്ടുണ്ട്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി 33 ഫിഷ് മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. അതു കൂടാതെ അന്തിപ്പച്ച എന്ന പേരിൽ തിരുവനന്തപുരത്തും കൊല്ലത്തും മൊബൈൽ ഫിഷ് മാർട്ടുകളും പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**